## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1912 5.10.2016-ൽ മറുപടിയ്ക്ക്

### കുഞ്ഞ് കൈകളിൽ കോഴിക്കുഞ്ഞ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീമതി.ഗീതാ ഗോപി<br>ശ്രീ.വി.ആർ. സുനിൽ കുമാർ<br>ശ്രീ.കെ.രാജൻ | അഡ്വ.കെ.രാജു<br>(വനം,മൃഗസംരക്ഷണം<br>ക്ഷീരവികസനം,മൃഗശാല വകുപ്പ് മന്ത്രി) |

എ) 'കുഞ്ഞ് കൈകളിൽ കോഴിക്കുഞ്ഞ് ' എന്ന ഒരു പദ്ധതി നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ;

എ) 'കുഞ്ഞ് കൈകളിൽ കോഴിക്കുഞ്ഞ് ' എന്ന പദ്ധതി നിലവിലുണ്ട്. വിദ്യാർത്ഥികളിൽ കോഴി വളർത്തലിൽ താല്പര്യം ജനിപ്പിക്കുക, അദ്ധ്വാനശീലം, സ്വാശ്രയശീലം, സമ്പാദ്യശീലം എന്നിവ വളർത്തിയെടുക്കുക , കുട്ടികൾക്ക് സുരക്ഷിത ഭക്ഷണം ഉറപ്പ് വരുത്തുക, ആരോഗ്യമുള്ള തലമുറയെ രൂപപ്പെടുത്തുക എന്നീ ഉദ്ദേശ്യ ലക്ഷ്യങ്ങളോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

ബി) പ്രസ്തുത പദ്ധതിയിലൂടെ ഒരു കുട്ടിക്ക് എത്ര കോഴിക്കുഞ്ഞുങ്ങളെയാണ് വിതരണം ചെയ്യുന്നതെന്ന് വിശദമാക്കാമോ;

2016-17 സാമ്പത്തിക വർഷത്തിൽ നടപ്പാക്കാൻ വേണ്ടി അനുവദിച്ചിട്ടുള്ള ഈ പദ്ധതി പ്രകാരം ഓരോ കുട്ടിക്കും 5 കോഴി, 5 കിലോ തീറ്റ, 50 രൂപയുടെ മരുന്ന് എന്നിവയാണ് വിതരണം ചെയ്യുന്നത്.

സി) സംസ്ഥാനത്ത് എത്ര വിദ്യാലയങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

സി) സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളിലെ 6,7,8,9 ക്ലാസുകളിൽ പഠിക്കുന്ന 35,000 തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് ആനുകൂല്യങ്ങൾ വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ